# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1411 — 06/03/2018 ൽ മറുപടിക്ക്

## വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്

| ചോദ്യം<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | മറുപടി<br>**ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| **എ)** വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് അമിതമായി വർദ്ധിപ്പിക്കുവാൻ തിരുവനന്തപുരം നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; | **എ)** 2011 ലെ കേരള മുനിസിപ്പാലിറ്റി നിയമം (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) പട്ടിക 1, 2, 3 എന്നിവ പ്രകാരമാണ് പുതുക്കിയ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടുള്ളത്. |
| **ബി)** നിലവിലുള്ള നിരക്കിന്റെ എത്ര ശതമാനം വർദ്ധനവാണ് നടപ്പിലാക്കുന്നത് | **ബി)** വർദ്ധനവ് ശതമാന രീതിയിലല്ല നിശ്ചയിച്ചിട്ടുള്ളത്. ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള (എ), (ബി), (സി) എന്നിങ്ങനെയുള്ള മേഖല തിരിച്ചാണ് പുതുക്കിയ ഫീസ് നിശ്ചയിക്കുന്നത്. |
| **സി)** ഇതിനെതിരെ വ്യാപാരി വ്യവസായി ഏകോപന സമിതി ഫെബ്രുവരി 20-ാം തീയതി കടകളടച്ച് പ്രതിഷേധിച്ചിരുന്നോ; എന്തൊക്കെയായിരുന്നു അവരുടെ ആവശ്യങ്ങൾ; | **സി)** പ്രതിഷേധിച്ചിരുന്നു. ചട്ട പ്രകാരം പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് ഒഴിവാക്കി പഴയ നിരക്കുതന്നെ തുടരണമെന്ന ആവശ്യം മുൻ നിർത്തിയാണ് പ്രതിഷേധിച്ചത്. |
| **ഡി)** നിലവിലുള്ള ഗൈഡ് ലൈനിന് വിരുദ്ധമാണ് ലൈസൻസ് ഫീസ് വർദ്ധന എന്നതിനാൽ ആയത് പുന:പരിശോധിക്കുമോ? | **ഡി)** ചട്ട വിരുദ്ധമല്ലാത്തതിനാൽ ലൈസൻസ് ഫീ വർദ്ധനവ് പുന:പരിശോധിക്കാനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ